LIBRARY ARCHIVES Kerala Legislative Assembly

ബിവറേജസ് കോർപ്പറേഷനു കീഴിലുള്ള ചില്ലറ മദ്യ വിൽപ്പനശാലകൾ

114 [277] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന് കീഴിൽ കൂടുതൽ ചില്ലറ മദ്യവിൽപ്പനശാലകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) ബിവറേജസ് കോർപ്പറേഷന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലാഭം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബിവറേജസ് കോർപ്പറേഷനു കീഴിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2003-2004 സാമ്പത്തികവർഷത്തിൽ കോർപ്പറേഷന്റെ കണക്കനുസരിച്ചുള്ള ലാഭം 9.69 കോടി രൂപയാണ്.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഇടുക്കിയിലെ എക്സൈസ് വകുപ്പിന്റെ പുതിയ റെയിഞ്ച് ഓഫീസുകളും ചെക്ക്പോസ്റ്റുകളും

115 [278] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതുമൂലം പുതുതായി 4 റെയിഞ്ചോഫീസുകളും 3 ചെക്ക് പോസ്റ്റുകളും തുടങ്ങണമെന്ന എക്സൈസ് കമ്മീഷണറുടെ 6-11-2003-ലെ ഫയൽ നമ്പർ എക്സ്.ഇ. 1-27849/02 റിപ്പോർട്ടിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്.